പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7478 17.7.2012-ൽ മറുപടിയ്ക്ക്

കാർഷിക പെൻഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കർഷകർക്ക് കാർഷിക പെൻഷൻ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) | ചെറുകിട നാമമാത്ര കർഷക പെൻഷനുള്ള അപേക്ഷകൾ എല്ലാ കൃഷിഭവനുകളിലും 2012 ജൂൺ 15 വരെ സ്വീകരിച്ചിട്ടുണ്ട്. അർഹരായ കർഷകരുടെ ലിസ്റ്റ് , കാർഷിക വികസനസമിതിയുടെ അംഗീകാരം ലഭിച്ചതിനുശേഷം ജില്ലാ ഓഫീസുകളിൽ നിന്നും ക്രോഡീകരിച്ച് കിട്ടുന്ന മുറയ്ക്ക് പെൻഷൻ നൽകുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കുന്നതാണ്. |
| (ബി) | പെൻഷൻ അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (ബി) | ചെറുകിട കർഷക പെൻഷൻ മാനദണ്ഡങ്ങൾ<br>അപേക്ഷകൻ 2 ഹെക്ടറോ അതിന് താഴയോ കൃഷി ഭൂമിയുള്ള ആളും 13.2.2012 -ൽ 60 വയസ്സ് പൂർത്തീകരിച്ച ചെറുകിട നാമമാത്ര കർഷകനുമായിരിക്കണം<br>നെല്ല് , തെങ്ങ് , പച്ചക്കറി , കിഴങ്ങു വർഗ്ഗങ്ങൾ, സുഗന്ധവിളകൾ തുടങ്ങിയ ഏത് വിളകളും കൃഷി ചെയ്യുന്ന കർഷകന് ആനുകൂല്യം നൽകാവുന്നതാണ്. |
| (സി) | കർഷക പെൻഷൻ ഇനത്തിൽ എത്ര തുകയാണ് കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ചതെന്ന് വിശദമാക്കാമോ ; | (സി) | ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയ്ക്ക് കഴിഞ്ഞ സാമ്പത്തിക വർഷം 10 കോടി രൂപ സപ്ലിമെന്ററി ഡിമാന്റ്ഫോർ ഗ്രാന്റ് വഴി അനുവദിച്ചു കിട്ടിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഈ പദ്ധതിയിൽ അംഗമായിട്ടുള്ളവരുടെ എണ്ണം ജില്ല തിരിച്ച് നൽകാമോ ? | (ഡി) | ചെറുകിട നാമമാത്ര കർഷക പെൻഷന് അപേക്ഷിച്ചവരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| | |
|---|---|
| തിരുവനന്തപുരം | 8085 |
| കൊല്ലം | 13542 |
| പത്തനംതിട്ട | 9180 |
| ആലപ്പുഴ | 8731 |
| കോട്ടയം | 19068 |
| ഇടുക്കി | 9323 |
| എറണാകുളം | 17159 |
| തൃശ്ശൂർ | 25383 |
| മലപ്പുറം | 20736 |
| പാലക്കാട് | 15394 |
| കോഴിക്കോട് | 28425 |
| വയനാട് | 7460 |
| കണ്ണൂർ | 20529 |
| കാസർഗോഡ് | 9366 |
| ആകെ | 2,12381 |

(രണ്ടു ലക്ഷത്തി പന്ത്രണ്ടായിരത്തി മൂന്നൂറ്റി എൺപത്തിയൊന്ന് മാത്രം) .

സെക്ഷൻ ഓഫീസർ